ജില്ല	ചിലവാക്കിയ തുക
	രൂപ
ഇടുക്കി	76,23,383
എറണാകുളം	131,74,102
തൃശ്ശൂർ	108,85,603
പാലക്കാട്	130,40,712
മലപ്പുറം	206,04,272
കോഴിക്കോട്	60,95,791
വയനാട്	43,69,485
കണ്ണൂർ	57,97,683
കാസർകോട്	45,25,816
	12,70,79,081

(ജി) 23,21,20,919 രൂപ.

പുതിയ മദ്യഷാപ്പുകൾ

* 38 [41] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. പി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
,, കെ. ഇ. ഇസ്മയിൽ :
,, കാനം രാജേന്ദ്രൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളുടേയും ദേവാലയങ്ങളുടെയും മറ്റും 400 മീറ്ററിനുള്ളിൽ മദ്യഷാപ്പുകൾ അനുവദിക്കരുതെന്ന നിയമം കൊണ്ടുവന്നത് ഏതു വർഷത്തിലാണ് ;

(ബി) അതിനുശേഷം പുതിയ മദ്യഷാപ്പുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിദേശമദ്യം, ചാരായം, കള്ള് എന്നീ ഓരോ വിഭാഗത്തിലും എത്ര വീതം ;

(സി) ദൂരപരിധി കർശ്ശനമാക്കുമ്പോൾ പരിധിക്കു പുറത്തു നടന്നു വന്നിരുന്ന മദ്യഷാപ്പുകൾ പിന്നീട് പുതിയ വിദ്യാലയങ്ങളും ദേവാലയങ്ങളും സ്ഥാപിക്കപ്പെട്ടതിന്റെ ഫലമായി പരിധിക്കുള്ളിലായിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ദേവാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും 400 മീറ്ററിനുള്ളിൽ മദ്യഷാപ്പുകൾ അനുവദിക്കുകയില്ലെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും കള്ളുഷാപ്പുകൾ ലേലത്തിൽ പോകാതിരുന്നിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എവിടെയെല്ലാം, എത്ര ഷാപ്പുകൾ വീതം ?

എക്സൈസ് വകുപ്പുമന്ത്രി : (ശ്രീ. എൻ. ശ്രീനിവാസൻ)

(എ) 1974-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. അവ താഴെ പറയും പ്രകാരമാണ് :

കള്ള്	140	എണ്ണം
ചാരായം	850	,,
വിദേശമദ്യംമൊത്തം	38	,,
വിദേശമദ്യംചില്ലറ	23	,,

(സി) ഉണ്ട്.

(ഡി, ഇ) 1986-87 വർഷത്തെ ലേലം നടന്നുകൊണ്ടിരിക്കുകയാണ്. ലേലം പൂർത്തിയായശേഷം മാത്രമേ ഇതേപ്പറ്റിയുള്ള വിവരം ലഭിക്കുകയുള്ളു.

தமிழ் மொழியாசிரியர்கள்

(Tamil Teachers)

*39 [42] ஸ்ரீ. ஜி. வரதன் : கீழ்காணும் விஞ்க்களுக்கு கல்வி மந்திரி தயைகூர்ந்து விடை நல்குவாரா :

(எ) தமிழ் பள்ளிகளில் தமிழ் படிக்காத ஆசிரியர்கள் நியமிக்கப் பட்டுள்ளார்கள் என்பது அரசின் கவனத்திற்கு வந்துள்ளதா ;

(பி) ஆம் எனில், அதன் காரணம் என்ன ;

(ஸி) தமிழ் பள்ளிகளில் தமிழ் மாணவர்களின் நலன் கருதி தமிழ் மொழியாசிரியர்களை மட்டும் நியமிக்க அரசு முன்வருமா ?

Minister for Education (**Shri T. M. Jacob**) :

(a) No such appointment has so far come to the notice of Government.

(b) The question does not arise in the light of the answer given above.

(c) Tamil teachers have been appointed in all schools where there are enough number of students learnig Tamil. Besides with a view to improve the smooth functioning of the schools, instructions have been given to all Deputy Directors to take immediate steps to fill up vacancies wherever they occur.

സ്വകാര്യമേഖലയിൽ എൻജിനീയറിംഗ് കോളേജുകൾ

* 40 [43] ശ്രീ. നാലകത്ത് സൂപ്പി :

,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം പദ്ധതിക്കാലത്ത് കേരളത്തിൽ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കാമോ

(സി) സ്വകാര്യമേഖലയിൽ എൻജിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഏഴാം പദ്ധതിക്കാലത്ത് പൊതുമേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുവാനുള്ള നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾ ഏതെല്ലാം പ്രദേശങ്ങളിലാണ് തുടങ്ങേണ്ടതെന്ന് അന്തിമമായി തീരുമാനിച്ചിട്ടില

LIBRARY ARCHIVES Kerala Legislative Assembly